പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2100 — 26.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" കെ. വി. അബ്ദുൾ ഖാദർ<br>" ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡീസൽവില വർദ്ധനയെത്തുടർന്ന് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രിമാരുമായി നടത്തിയ കത്തിടപാടുകളുടെയും സന്ദർശനങ്ങളുടെയും വിശദാംശം വ്യക്തമാക്കുമോ; | (എ) | വൻകിട ഉപഭോക്താവ് എന്ന നിലയിൽ ഏർപ്പെടുത്തിയ ഡീസൽ വില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി. യെപ്പോലുള്ള പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, 19.01.2013, 08.02.2013 എന്നീ തീയതികളിൽ ബഹു. പെട്രോളിയം-പ്രകൃതി വാതകം വകുപ്പ് മന്ത്രിയ്ക്കും ബഹു. മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയും, ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രിയും ഡൽഹിയിൽ നടത്തിയ സന്ദർശനത്തിനിടെ ഇക്കാര്യം വിവിധ കേന്ദ്ര മന്ത്രിമാരുമായി ചർച്ച ചെയ്തിട്ടുണ്ട്. |
| (ബി) | ഡീസൽവില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി. യെ ഒഴിവാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിലപാട് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിലുള്ള കേന്ദ്ര നിലപാട് രേഖാമൂലം അറിയിച്ചിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടക്കത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും ഓയിൽ കമ്പനികളുടെ സ്വന്തം ഉടമസ്ഥതയിലുള്ള പമ്പുകളിൽ നിന്നും സബ്സിഡിയോടു കൂടിയ ഡീസൽ നിറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സപ്ലൈകോ പമ്പു |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ എന്ന ത്തേക്ക് നടപ്പിലാക്കാൻ സാധിക്കു മെന്ന് വ്യക്തമാക്കുമോ? | | കളിൽ നിന്നും ഡീസൽ നിറയ്ക്കു ന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കി കഴിഞ്ഞു. നിലവിൽ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ഡിപ്പോകളിലെ ബസ്സുകൾക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. ബാക്കി സ്ഥലങ്ങളിൽ റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ